(ബി) ആവശ്യമായ സ്ഥലങ്ങളിൽ ടൈബൽ ഡിപ്പാർട്ടുമെന്റ് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് വനം വകുപ്പ് അനുമതി നിഷേധിച്ചിട്ടില്ല.

ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ കർണ്ണാടക ഫോറസ്റ്റ് അധികൃതർ നടത്തിവരുന്ന ഭൂമി കയ്യേറ്റം

270 (3782) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ താമസിക്കുന്ന കൈവശക്കാരായ മലയാളി കുടുംബങ്ങൾക്കെതിരെ കർണാടക ഫോറസ്റ്റ് അധികൃതർ നടത്തിവരുന്ന ഭൂമി കൈയേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വാമനപുരം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ

271 (3783) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്, എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിക്കേറ്റവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ ആകെ 20 പേർക്ക് പരിക്കേൽക്കുകയും 6 പേർ റിസർവ് വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാട്ടുപന്നി ബൈക്കിന് കുറുകെ ചാടി അപകടത്തിൽപ്പെട്ട് ഒരാൾ മരണപ്പെട്ടിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ അപേക്ഷയും

LIBRARY ARCHIVES Kerala Legislative Assembly